**August: 25**

# ജോയിന്റ് ഫോറം ബുള്ളറ്റിൻ 14

സഖാക്കളെ,

## വിഷയം: പ്രക്ഷോഭം ഡയറക്ടർ ബോർഡ് യോഗം

ഇന്നലെ നടന്ന ഡയറക്ടർ ബോർഡ് യോഗത്തിന്റെ പശ്ചാത്തലത്തിൽ ഇന്ന് ചെയർമാൻ, ജോയിന്റ് ഫോറം പ്രതിനിധികളെ ബോർഡ് മീറ്റിംഗ് തീരുമാനം അറിയിക്കുന്നതിനായി വിളിച്ചിരുന്നു. ജനുവരി മാസം ബോർഡ് മീറ്റിംഗ് വിളിച്ചു ചേർത്ത് റിക്രൂട്ട്മെന്റ് വിഷയം മാത്രം ചർച്ച ചെയ്യും എന്നതിനാൽ പ്രക്ഷോഭം പിൻവലിക്കണം എന്നാണ് മാനേജ്മെന്റ് അഭ്യർത്ഥന. തൽക്കാലിക ജീവനക്കാരുടെ വിഷയം സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിൽ ചർച്ച ചെയ്തിരുന്നുവോ എന്ന ചോദ്യത്തിന് കോടതി വിധിയെക്കുറിച്ച് അറിയാത്ത തരത്തിലാണ് അദ്ദേഹം പ്രതികരിച്ചത്. മാനേജ്മെന്റിന് നാം കോടതി വിധി നൽകിയിരുന്നല്ലോ എന്ന് പറഞ്ഞപ്പോഴാണ് GM നോട് അദ്ദേഹം ആരാഞ്ഞത്.

നേരത്തെ പറഞ്ഞതിൽ നിന്ന് വ്യത്യസ്ഥമായി ഒന്നും തന്നെ പറയാൻ മാനേജ്മെന്റിന് ഉണ്ടായില്ല എങ്കിലും, ബോർഡിൽ ഡയറക്ടർമാർ, മാനേജ്മെന്റ് നിലപാടിൽ ശക്തമായ പ്രതി ഷേധം രേഖപ്പെടുത്തിയിരുന്നു എന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. നാം തീരുമാനിച്ച സമരപരിപാടികൾ ശക്തമായി മുന്നോട്ട് കൊണ്ട് പോകണം എന്നാണ് ഇന്നത്തെ അദ്ദേഹത്തിന്റെ സന്ദേശത്തിൽ നിന്നും മനസ്സിലാക്കേത്. ബാങ്ക് മുന്നോട്ട് പോകണമെങ്കിൽ ആവശ്യമായ ജീവനക്കാർ എവിടെ നിന്നു വരും എന്ന ചോദ്യത്തിന് കൃത്യമായ ഒരു ഉത്തരം നൽകാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. നേരത്തെ നടന്ന അനുരഞ്ജന ചർച്ചയിൽ 400 ലധികം ശാഖകളിൽ പര്യാപ്തമായ ജീവനക്കാർ ഉണ്ട് എന്നും അവരെ മറ്റു ബ്രാഞ്ചുകളിലേക്ക് മാറ്റിയാൽ പ്രശ്നം തീരും എന്ന നിലപാട് അദ്ദേഹം കൈക്കൊണ്ടിരുന്നു. അത്യാവശ്യത്തിന് പോലും ലീവ് എടുക്കാൻ പറ്റാത്ത പരിതസ്ഥിതിയിൽ വീണ്ടും ശാഖകളിൽ ജീവനക്കാരുടെ എണ്ണം കുറയും എന്ന സൂചനയാണ് ഇതുവഴി നമുക്ക് വായിച്ചെടുക്കാൻ കഴിയുക. ഒരു കാരണവശാലും ഇത് അംഗീകരിക്കാൻ കഴിയില്ല. ആയതിനാൽ, നമ്മുടെ ആവശ്യങ്ങൾ അംഗീകരിക്കുന്നത് വരെ ശക്തമായ സമരമാർഗ്ഗങ്ങളുമായി നാം മുന്നോട്ട് തന്നെ പോകും.

അഭിവാദ്യങ്ങളോടെ

ജനറൽ സെക്രട്ടറി

KGBEU OU

KGBSA OC

KGBEA OA